നം:വി.സി/47/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 23.01.2017

## കുറ്റാരോപണ മെമ്മോ

കാസർഗോഡ്, ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.രാജേഷ്.കെ-യെ അറിയിക്കുന്നത്.

18.01.2014 തീയതിയിലെ സ.ഉ(സാധാ)നം.105/2014/ഉ.വി.വ ഉത്തരവ് പ്രകാരം താങ്കൾക്ക് 10.01.2014 മുതൽ 31.10.2015വരെ കെ.എസ്.ആർ.ഭാഗം ഒന്ന് അനുബന്ധം-12 ബി അനുസരിച്ച് ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. ശൂന്യവേതനാവധി കഴിഞ്ഞ് 01.11.2015 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിക്ക് ഹാജരാകുകയോ അവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ അനധികൃതമായി അവധിയിൽ തുടരുന്നതിനാൽ താങ്കളുടെ പ്രവൃത്തി ക്രമവിരുദ്ധവും തികഞ്ഞ അച്ചടക്ക ലംഘനവുമായി കണ്ട് താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക കീഴിലും കെ.എസ്.ആർ.ഭാഗം 1 അനുബന്ധം 12 ബി ചട്ടം vi-ന് കീഴിലും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള ശിക്ഷണ നടപടികൾ എടുക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ അത് കാണിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കളുടെ പ്രതിവാദ പത്രിക നൽകുന്നതിനായി ഈ മെമ്മോ കൈപ്പറ്റിയ തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ നിങ്ങളുടെ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നുവോ എന്നുകൂടി അറിയിക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ ചാർജ്ജുകളെ അടിസ്ഥാനമാക്കിയുള്ള കുറ്റാരോപണ പത്രിക ഇതോടോപ്പം ചേർത്തിരിക്കുന്നു.

എം.എസ്.ജയ, ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ.രാജേഷ്.കെ,
അസിസ്റ്റന്റ് പ്രൊഫസർ, കെമിസ്ട്രി വിഭാഗം,
ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, കാസർഗോഡ് (പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:-

1. പ്രിൻസിപ്പാൾ, ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, കാസർഗോഡ് (കുറ്റാരോപണ മെമ്മോയുടെ 2 പകർപ്പുകൾ ശ്രീ.രാജേഷ്.കെയ്ക്ക് നൽകി ഒന്നിൽ ടിയാന്റെ കൈപ്പറ്റ് തീയതിയടക്കം രേഖപ്പെടുത്തി മടക്കത്തപാലിൽ അയച്ചു തരേണ്ടതാണ്).
2. എ സെക്ഷൻ
3. നടപ്പ് ഫയൽ / കരുതൽ ഫയൽ

2573359 GOVERNMENT OF KERALA

നം:വി.സി/47/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 23.01.2017

## കുറ്റാരോപണ പത്രിക

കാസർഗോഡ്, ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.രാജേഷ്.കെ-യെന്ന താങ്കൾ കെ.എസ്.ആർ.ഭാഗം 1 അനുബന്ധം 12 ബി പ്രകാരം അനുവദിച്ച് നൽകിയ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും, തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് ക്രമവിരുദ്ധവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ താങ്കൾക്ക് കുറ്റാരോപണ മെമ്മോ നൽകുന്നു.

MS Jaya

എം.എസ്.ജയ, ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

## കുറ്റാരോപണത്തിനാധാരമായ രേഖകൾ

ഫയൽ നം:വി.സി/47/2014/കോ.വി.വ നമ്പർ ഫയൽ

പി.ജി:27.01.2017

2573360

GOVERNMENT OF KERALA